പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1425 **16-10-2026-ൽ മറുപടിയ്ക്ക്**

കർഷക പെൻഷൻ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. പി. മമ്മിക്കുട്ടി

മറുപടി നൽകിയ മന്ത്രി

ശ്രീ. ടി. സിദ്ദീഖ്
(കൃഷി വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് കർഷക പെൻഷൻ ലഭിക്കുന്നവരുടെ എണ്ണം എത്രയാണെന്ന് വിശദമാക്കുമോ; നിലവിൽ കർഷക പെൻഷൻ കുടിശ്ശിക ഉണ്ടോ; കർഷക പെൻഷന് അപേക്ഷ സമർപ്പിച്ചിട്ടും അംഗീകാരം ലഭിക്കാൻ കാലതാമസം നേരിടുന്നുണ്ടോ; വിശദമാക്കാമോ;

മറുപടി: കേരള സർക്കാരിന്റെ സേവന പോർട്ടലിലെ നിലവിലെ കണക്കുകൾ പ്രകാരം സംസ്ഥാനത്ത് **2,57,411** കർഷക പെൻഷൻ ഗുണഭോക്താക്കളാണുള്ളത്. നിലവിൽ കർഷക പെൻഷൻ വിതരണത്തിൽ കുടിശ്ശികയില്ല. 2026 സെപ്റ്റംബർ മാസം വരെയുള്ള കർഷക പെൻഷൻ തുക ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്

കർഷക പെൻഷൻ അപേക്ഷകളിൽ അംഗീകാരം ലഭിക്കുന്നതിന് അസാധാരണമായ കാലതാമസം നേരിടുന്നില്ല. അപേക്ഷ ലഭിച്ചുകഴിഞ്ഞാൽ അതാത് കൃഷിഭവനിലെ കാർഷിക വികസന സമിതിയുടെ അംഗീകാരത്തിന് വിധേയമായി ഗുണഭോക്താക്കളുടെ പട്ടിക ജില്ലാ കൃഷി ഓഫീസർ മുഖേന കൃഷിവകുപ്പ് ഡയറക്ടറേറ്റിൽ സമർപ്പിക്കുന്നു. തുടർന്ന് ഇത് സർക്കാരിന്റെ അന്തിമ അനുമതിക്കായി സമർപ്പിക്കുകയും, അനുമതി ലഭിച്ചാലുടൻ സേവന പോർട്ടൽ വഴി കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് തുക നേരിട്ട് നൽകി വരികയുമാണ് ചെയ്യുന്നത്. ഈ ഭരണപരമായ നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നതിന് ആവശ്യമായ സ്വാഭാവിക സമയം മാത്രമേ അപേക്ഷകളിൽ എടുക്കുന്നുള്ളൂ.

(ബി) ഡിജിറ്റൽ സർവ്വേ കഴിഞ്ഞ പല സ്ഥലങ്ങളിലും കർഷക്കുള്ള നികുതി അടക്കാൻ സാധിക്കാത്തതുമൂലം വിള ഇൻഷുറൻസ് ചെയ്യാൻ സാധിക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പരിഹരിക്കാൻ സ്വീകരിച്ച നടപടി വിശദമാക്കാമോ;

മറുപടി: ഐ. റ്റി. സെൽ കൈകാര്യം ചെയ്യുന്ന പദ്ധതി/ പ്രൊജെക്ടുകളിൽ ഡിജിറ്റൽ ക്രോപ് സർവ്വേ ഉൾപ്പെടുന്നു. ഡിജിറ്റൽ സർവ്വേ പൂർണ്ണമായും സർവ്വേ & ലാൻഡ് റെക്കോർഡ്സ് വകുപ്പാണ് നിർവ്വഹണം നടത്തുന്നത്. ഡിജിറ്റൽ സർവ്വേ കഴിഞ്ഞിട്ടുള്ള ഭൂവിവരങ്ങൾ റവന്യൂ ലാൻഡ് റെക്കോർഡ്സിൽ അപ്ഡേറ്റ് ചെയ്യുന്നതും നികുതി അടച്ച വിവരങ്ങൾ അപ്ഡേറ്റ് ചെയ്യുന്നതും റവന്യൂ വകുപ്പിന്റെ നേതൃത്വത്തിലുമാണ്. റവന്യൂ ലാൻഡ് റെക്കോർഡ്സിൽ (റെലിസിൽ) അപ്ഡേറ്റ് ആയ കൃഷിഭൂമിയുടെ വിവരങ്ങൾ (സർവ്വേ നമ്പർ, വിസ്തീർണ്ണം ഉൾപ്പടെ) വിവരങ്ങൾ കർഷകർക്ക് ഇൻഷുറൻസ് ചെയ്യുന്നതിന്റെ സൗകര്യാർത്ഥം എയിംസ് പോർട്ടലിലേക്ക് API മുഖാന്തിരം കൈമാറ്റം ചെയ്യുന്നതിന് സംവിധാനം ഒരുക്കിയിട്ടുണ്ട്.

സർക്കുലർ നം. റ്റി.ആർ (2)8254/2020, തീയതി 9/12/2020 പ്രകാരം സംസ്ഥാന വിള ഇൻഷുറൻസ് ചെയ്യാൻ കർഷകർ താഴെ ചേർത്തിരിക്കുന്ന രേഖകൾ ഹാജരാക്കേണ്ടതാണ്:

1. **സ്വന്തം ഭൂമിയിൽ കൃഷി ചെയ്യുന്ന കർഷകർ:** കരം തീർത്ത രസീത് അല്ലെങ്കിൽ കൈവശാവകാശ സർട്ടിഫിക്കറ്റ്, ഇതിൽ ഏതെങ്കിലും ഒന്ന് ഹാജരാക്കേണ്ടതാണ്.

2. **പാട്ട കർഷകർ:** ഉടമയുടെ കരം തീർത്ത രസീത് അല്ലെങ്കിൽ കൈവശാവകാശ സർട്ടിഫിക്കറ്റ് എന്നിവയിൽ ഏതെങ്കിലും ഒന്നും, അതോടൊപ്പം വെള്ള പേപ്പറിൽ തയ്യാറാക്കി ഉടമയും കർഷകനും രണ്ട് സാക്ഷികളുടെ സാന്നിധ്യത്തിൽ ഒപ്പുവെച്ച ഉടമ്പടിയോ അല്ലെങ്കിൽ കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തിയ ഉടമ്പടിയോ ഹാജരാക്കേണ്ടതാണ്.

(സി) പഴയ നികുതി റസീപ്റ്റ് ഉപയോഗിച്ച് വിള ഇൻഷുറൻസ് ചെയ്യാൻ സാധിക്കുമോ; വിശദമാക്കാമോ;

<u>മറുപടി:</u> നിലവിൽ സാധിക്കും.

(ഡി) നെൽകൃഷിയുടെ ഏരിയ വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് വകുപ്പ് നടപ്പിലാക്കി വരുന്നത് വിശദമാക്കാമോ;

<u>മറുപടി:</u> സംസ്ഥാന സർക്കാരിന്റെ നെൽകൃഷി വികസന പദ്ധതിയിലൂടെ ഗുണമേന്മയുള്ളതും അത്യുത്പാദന ശേഷിയുള്ളതുമായ നെൽവിത്ത് ലഭ്യമാക്കിയും ശാസ്ത്രീയമായ നെൽകൃഷി രീതികൾ അവലംബിക്കുന്നതിനു വേണ്ട സാങ്കേതിക ഉപദേശങ്ങൾ നൽകിയും, ഉത്പാദനോപാധികളുടെയും കൃഷിക്കാവശ്യമായ യന്ത്രോപകരണങ്ങളുടെ ലഭ്യത ഉറപ്പാക്കിയും, തരിശുസ്ഥലങ്ങൾ കൃഷിയോഗ്യമാക്കുന്നതിനുള്ള ധനസഹായം നൽകിയും നെൽകൃഷിയിൽ നിന്നും പരമാവധി ഉത്പാദനം ഉറപ്പാക്കുന്ന തരത്തിലുള്ള പദ്ധതികൾ ആവിഷ്കരിച്ചും നെൽകൃഷിയുടെ വിസ്തൃതി വർദ്ധിപ്പിക്കുവാനും പരമാവധി ഉത്പാദനം ഉറപ്പാക്കാനും നെൽകർഷകരെ സഹായിക്കുന്നതിനുമുള്ള പ്രവർത്തനങ്ങളാണ് കൃഷി വകുപ്പ് കൈക്കൊണ്ടു വരുന്നത്. ഇതിലേക്കായി താഴെ പറയുന്ന പ്രധാന പ്രവർത്തനങ്ങളാണ് നടപ്പിലാക്കി വരുന്നത്.

1. സംസ്ഥാനാവിഷ്കൃത പദ്ധതിയായ "നെൽകൃഷി വികസന പദ്ധതി" യിലെ ഘടക പദ്ധതിയായ സുസ്ഥിര നെൽകൃഷി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നെൽകൃഷിക്ക് അത്യുൽപാദനശേഷിയുള്ള നെൽവിത്ത്, വളം, ജൈവിക കീടരോഗ നിയന്ത്രണം മുതലായവയ്ക്കായി ഒരു ഹെക്ടറിന് 5500/- രൂപ നൽകുന്നുണ്ട്.

2. നെൽവയലിലെ മണ്ണിന്റെ ആരോഗ്യ പരിപാലനത്തിനായി കുമ്മായ വസ്തുക്കൾ ഉപയോഗിക്കുന്നതിനായി ഒരു ഹെക്ടറിലേക്ക് 5400/- രൂപ നിരക്കിൽ ആനുകൂല്യം നൽകുന്നുണ്ട്.

3. പൊതു ഞാറ്റടി, കാർഷിക യന്ത്രോപകരണങ്ങളുടെ റിപ്പയർ, തോടുകളുടെ അറ്റകുറ്റ പണികൾ തുടങ്ങിയ പാടശേഖരസമിതികളുടെ പൊതുവായ ആവശ്യങ്ങൾക്കുള്ള പ്രവർത്തന ചെലവിനായി ഹെക്ടറിന് 360/- രൂപ ക്രമത്തിൽ പാടശേഖര സമിതികൾക്ക് നൽകി വരുന്നു

4. തരിശുനില കൃഷിക്ക് ഹെക്ടർ ഒന്നിന് 35000/- രൂപ കർഷകനും 5000/- രൂപ ഭൂവുടമകൾക്കും ചേർത്ത് ആകെ 40,000/- രൂപ പ്രകാരം ആനുകൂല്യം നൽകുന്നു.

5. പ്രത്യേക നെല്ലിനങ്ങളുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ഹെക്ടർ ഒന്നിന് 10,000/- രൂപ നിരക്കിൽ ആനുകൂല്യം നൽകിവരുന്നു.

6. കോൾ മേഖലയിലെ നെൽകൃഷി വികസനത്തിനായി തൃശ്ശൂർ ജില്ലയിൽ നടപ്പാക്കുന്ന ഓപ്പറേഷൻ ഡബിൾ കോൾ പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു പൂ കൃഷിയിറക്കുന്ന കോൾ പടവുകളിൽ രണ്ട് പൂ നെൽകൃഷി ഒന്നാം വിള നെൽകൃഷിക്ക് ശേഷം രണ്ടാം വിളയായി പയർ/ചോളം/എണ്ണക്കുരു വിളകൾ എന്നിവയുടെ കൃഷി, പമ്പ്സെറ്റ് ഉൾപ്പെടെയുള്ള മെഷിനറികൾ വാങ്ങി സ്ഥാപിക്കൽ, ബണ്ടുകളുടെയും ബ്ലയിസുകളുടെയും അറ്റകുറ്റപ്പണി, ട്രാൻസ്ഫോർമർ സ്ഥാപിക്കൽ എന്നിവയ്ക്കായി പ്രൊജക്ട് അടിസ്ഥാനത്തിൽ ആനുകൂല്യം നൽകിവരുന്നു.

7. ഡ്രോൺ ഉപയോഗിച്ച് പ്രതപോഷണത്തിലൂടെ സൂക്ഷ്മ മൂലകങ്ങൾ നൽകുന്നത് വഴി നെല്ലിന്റെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി ഹെക്ടറിന് 2000/- രൂപ ക്രമത്തിൽ 2025-26 ൽ ആനുകൂല്യം നൽകി.

8. നെൽകൃഷിക്കാവശ്യമായ ഗുണമേന്മയുള്ള നെൽവിത്ത് ഉത്പാദിപ്പിച്ച് കർഷകർക്ക് ലഭ്യമാക്കുന്നതിന് രജിസ്റ്റേർഡ് വിത്തുത്പാദക പദ്ധതി നടപ്പിലാക്കുന്നു.

9. നോൺ പ്ലാൻ (പദ്ധതിയേതരം) ഇനത്തിൽ ഉൾപ്പെടുത്തി നെല്ലിന്റെ ഉത്പാദന ബോണസായി ഓരോ സീസണിലെ നെൽകൃഷിക്കും ഹെക്ടറിന് 1000/- രൂപ നൽകുന്നു.

10. കാർഷികാവശ്യത്തിനായി സൗജന്യ വൈദ്യുതി പദ്ധതിയിൽ ജലസേചനത്തിനായി നെൽകൃഷിക്ക് ഭൂപരിധിയില്ലാതെ വൈദ്യുതി സൗജന്യമായി അനുവദിച്ചു വരുന്നുണ്ട്.

11. ഇതിനു പുറമെ പ്രകൃതിക്ഷോഭം മൂലം നെൽകൃഷിയ്ക്ക് ആരംഭഘട്ടത്തിൽ നാശം സംഭവിക്കുന്ന സാഹചര്യങ്ങളിൽ പകരം വിതയ്ക്കുവാനുള്ള നെൽവിത്ത് സൗജന്യമായി നൽകുന്നു.

12. പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയിൽ നിന്നും ഹെക്ടറിന് 17000/- രൂപ നിരക്കിലും വിള ഇൻഷുറൻസ് പദ്ധതിയിൽ അംഗമായ കർഷകർക്ക് 45 ദിവസത്തിന് ശേഷമുള്ള വിളയ്ക്ക് ഉണ്ടാകുന്ന നാശത്തിനു ഹെക്ടറിന് 35000/-രൂപ പ്രകാരവും ധനസഹായം അനുവദിക്കുന്നുണ്ട്.

13. കേന്ദ്രാവിഷ്കൃത കാലാവസ്ഥാധിഷ്ഠിത വിള ഇൻഷുറൻസ് പദ്ധതിയിൽ അംഗങ്ങളായ നെൽ കർഷകർക്ക് കാലാവസ്ഥയിലുണ്ടാകുന്ന വ്യതിയാനത്തിന് കാലാവസ്ഥ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഹെക്ടറിന് 80,000 രൂപ വരെ ആനുകൂല്യം ലഭിക്കുന്നു.

14. ജനകീയാസൂത്രണത്തിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വിവിധ നെൽകൃഷി വികസന പദ്ധതികളിൽ ഉൾപ്പെടുത്തി ഉഴവുകൂലിക്കും ഉല്പാദനോപാധികൾക്കുള്ള ആനുകൂല്യവും (പരമാവധി 25000/-രൂപ/ഹെക്ടർ) കർഷകർക്ക് ലഭിക്കും. പൊക്കാളി, കരി, കൈപ്പാട് എന്നീ പ്രത്യേക നെൽകൃഷി മേഖലകളിൽ പരമാവധി ആനുകൂല്യം ഹെക്ടറിന് 32,000/- രൂപയാണ് .

15. ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി (നെല്ല്) പാലക്കാട് ജില്ലയിൽ നടപ്പിലാക്കി വരുന്നു. പ്രദർശന പ്ലോട്ടുകൾ, മണ്ണ് പരിപോഷണം, സമീകൃത വളപ്രയോഗം, സംയോജിത കീട രോഗ നിയന്ത്രണം, യന്ത്രവൽക്കരണം, ജലസേചന സൗകര്യം മെച്ചപ്പെടുത്തൽ, ജൈവ നെൽകൃഷി പരിശീലന പരിപാടി തുടങ്ങിയവയ്ക്കായി ആനുകൂല്യം നൽകി വരുന്നു.

(ഇ) സംസ്ഥാനത്ത് കഴിഞ്ഞ അഞ്ച് വർഷത്തിൽ കൃഷി ചെയ്ത ഭൂമിയുടെ വിസ്തൃതി എത്ര; വിശദമാക്കാമോ?

മറുപടി: സംസ്ഥാനത്തെ കാർഷിക സ്ഥിതിവിവരക്കണക്കുകളുടെ നോഡൽ ഏജൻസിയായ സാമ്പത്തിക സ്ഥിതി വിവരക്കണക്ക് മുഖേന തയ്യാറാക്കി പ്രസിദ്ധീകരിക്കുന്ന 'അഗ്രിക്കൾച്ചറൽ

സ്റ്റാറ്റിസ്റ്റിക്സ്'' റിപ്പോർട്ടുകൾ പ്രകാരം സംസ്ഥാനത്ത് 2019-20 മുതൽ 2023-24 വരെ കാലയളവിൽ കൃഷി ചെയ്ത ഭൂമിയുടെ വിസ്തൃതി സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

വർഷം	**കൃഷി ചെയ്ത ഭൂമിയുടെ വിസ്തൃതി (ഹെക്ടർ)**
2019-20	2026064
2020-21	2035128.32
2021-22	2029368
2022-23	1991492.76
2023-24	1972769.7

സെക്ഷൻ ഓഫീസർ